# ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയവും അല്ലാഹുവിന്റെ അദൃശ്യജ്ഞാനവും

● ടി.കെ. യൂസുഫ്

**അല്ലാഹുവിനുമാത്രം** വ്യക്തമായി അറിയാൻ കഴിയുന്ന അദൃശ്യകാര്യങ്ങളിലൊന്നാണ് ഗർഭാശയങ്ങളിലുള്ളത് എന്ന് ഖുർആൻ പറയുന്നു. എന്നാൽ ഇന്ന് ആധുനിക വൈദ്യശാസ്ത്രത്തിൽ ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയത്തിന് അനവധി മാർഗങ്ങളുള്ള സ്ഥിതിക്ക് അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിന് എന്തു പ്രസക്തി എന്ന് പലരും ചിന്തിക്കാനിടയുണ്ട്. അതുകൊണ്ടു തന്നെ പലആധുനിക ഖുർആൻ വ്യാഖ്യാതാക്കളും അല്ലാഹുവിന്റെ അറിവിന് വേറെയും അർഥ തലങ്ങളുണ്ട് എന്ന് പറഞ്ഞൊപ്പിക്കുകയാണ് ചെയ്യാറുള്ളത്. ഈ വിഷയത്തിൽ ഖുർആനിലും ഹദീസുകളിലും വന്ന മുഴുവൻ വചനങ്ങളും പഠനവിധേയമാക്കാതെയാണ് പലരും പ്രതിരോധത്തിന് തുനിയുക. അതുകൊണ്ടുതന്നെ സാധാരണക്കാർക്ക് ഈ വിഷയത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്.

മനുഷ്യന് ബുദ്ധികൊണ്ടോ പഞ്ചേന്ദ്രിയങ്ങൾ കൊണ്ടോ ഗ്രഹിക്കാൻ കഴിയാത്ത കാര്യങ്ങളാണ് *ഗൈബ്* അല്ലെങ്കിൽ അദൃശ്യജ്ഞാനം. അല്ലാഹുവിനു മാത്രം അറിയുന്ന അദൃശ്യകാര്യങ്ങൾ അഞ്ചാണ് എന്നു പറഞ്ഞ പ്രവാചകൻ സൂറത്തു *ലുഖ്മാനി*ലെ അവസാന വചനം പാരായണം ചെയ്തു. 'തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴ പെയ്യിക്കുന്നു. ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരു ആത്മാവും അറിയുകയില്ല. താൻ എവിടെ വെച്ചാണ് മരിക്കുക എന്നും ഒരു ആത്മാവും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു'(ബുഖാരി). ഈ സൂക്തത്തിൽ പരാമർശിച്ച അദൃശ്യകാര്യങ്ങൾ അല്ലാഹുവിനല്ലാതെ അറിയാൻ കഴിയില്ല എന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. 'ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല. അല്ലാഹുവല്ലാതെ'(*അന്നംല്*: 65) എന്ന ഖുർആൻ സൂക്തമാണ് അവർക്ക് തെളിവ്. ആരെങ്കിലും ഇത്തരം അദൃശ്യകാര്യങ്ങൾ അറിയുമെന്ന് വാദിക്കുകയാണെങ്കിൽ അവർ ഖുർആനെ നിഷേധിക്കുകയാണ് ചെയ്യുന്നത്.

ഗർഭാശയത്തിലുള്ള കുഞ്ഞ് ആണോ പെണ്ണോ എന്ന് അറിയാൻ കഴിയുന്നതോ, അതിന് വരാനിടയുള്ള രോഗങ്ങൾ കണ്ടെത്തുന്നതോ അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് ഹദീസുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. നബി(സ) പറഞ്ഞു: 'അദൃശ്യത്തിന്റെ ഭണ്ഡാരങ്ങൾ അഞ്ചാണ്. അവ അല്ലാഹു അല്ലാതെ അറിയുകയില്ല. ഗർഭാശയങ്ങൾ കുറവു വരുത്തുന്നത് അല്ലാഹുഅല്ലാതെ അറിയുകയില്ല. നാളത്തെ കാര്യം അല്ലാഹു അല്ലാതെ അറിയുകയില്ല. മഴ എപ്പോൾ വരുമെന്ന് അല്ലാഹു അല്ലാതെ ആരും അറിയുകയില്ല. താൻ ഏതു നാട്ടിൽവെച്ച് മരിക്കുമെന്ന് ഒരാളും അറിയുകയില്ല. അന്ത്യദിനം എപ്പോഴുണ്ടാകുമെന്നും അല്ലാഹു അല്ലാതെ ആരും അറിയുകയില്ല'(ബുഖാരി).

ഖുർആനിൽ, 'ഗർഭാശയത്തിലുള്ളത് അവൻ അറിയുന്നു' എന്നു പറഞ്ഞതിനെ വിശദീകരിക്കുകയാണ് ഈ ഹദീസ്. ഇതിൽ 'ഗർഭാശയത്തിലുള്ളത്' എന്നല്ല പറഞ്ഞിരിക്കുന്നത് മറിച്ച് 'ഗർഭാശയം കുറവ് വരുത്തുന്നത്' എന്നാണ്. ഇതേ പ്രയോഗം തന്നെ മറ്റൊരു ഖുർആൻ വചനത്തിലും നമുക്ക് കാണാനാവും. 'ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതെന്തെന്ന് അല്ലാഹു അറിയുന്നു. ഗർഭാശയങ്ങൾ കമ്മിവരുത്തുന്നതും വർധനവുണ്ടാക്കുന്നതും അവനറിയുന്നു. ഏതൊരു കാര്യവും അവന്റെ അടുക്കൽ ഒരു നിശ്ചിത തോതനുസരിച്ചാകുന്നു'(*അർറഅ്ദ്*: 8). ഈ ഖുർആൻ വചനത്തിലെ *തഗീദു* എന്ന പദത്തെയാണ് കമ്മിവരുത്തുന്നത് എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ളത്. ഇതിന് നിഘണ്ടുകളിലും കുറവു വരുത്തുക, വറ്റിച്ചുകളയുക, അപ്രത്യക്ഷമാക്കുക എന്നീ അർഥങ്ങൾ തന്നെയാണുള്ളത്. ഭ്രൂണം പൂർണ വളർച്ച എത്തുന്നതിനു മുമ്പ് ഗർഭഛിദ്രം സംഭവിക്കുക എന്നാണ് ഇതിന്റെ വിവക്ഷയെന്ന് പൂർവ പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

ഗർഭധാരണത്തിന്റെ ആദ്യ എട്ട് ആഴ്ചകളിൽ ഗർഭഛിദ്രം സംഭവിക്കുന്ന ഭ്രൂണം പുറത്തു വരാതിരിക്കുകയും അത് ഗർഭാശയത്തിൽനിന്ന് അപ്രത്യക്ഷമാകുകയും ചെയ്യുന്ന പ്രതിഭാസം വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. ഈ പ്രതിഭാസമാണ് *തഗീദുൽ അർഹാം* (ഗർഭാശയം കുറവ് വരുത്തുന്നത്) എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. അബോർഷനിൽ അറുപതു ശതമാനവും ഈ രൂപത്തിൽ തന്നെയാണ് സംഭവിക്കുന്നത്. ഇത്തരം ഗർഭഛിദ്രത്തിന്റെ ഫലമായി ശൂന്യമായ ഗർഭാശയങ്ങളുടെ ചിത്രങ്ങൾ അൾട്രാ സൗണ്ട് സ്കാനറിലൂടെ കാണാനാവും. ഇരട്ട കുഞ്ഞുങ്ങളുടെ ഗർഭധാരണം നടക്കുന്ന ഭ്രൂണങ്ങളിൽ അമ്പതു

ശതമാനത്തിലും ഏതെങ്കിലും ഒന്ന് ഇങ്ങനെ അപ്രത്യക്ഷമാകാറുണ്ട്. പ്രഥമ ഘട്ടത്തിൽ രണ്ടോ അതിലധികമോ ഭ്രൂണങ്ങൾ സ്കാനറിൽ ദൃശ്യമാകുകയും പിന്നീട് അതിലൊന്ന് അപ്രത്യക്ഷമാകുകയും ചെയ്യുന്ന അനേകം കേസുകളിൽ നിന്നാണ് ശാസ്ത്രജ്ഞർ ഈ നിഗമനത്തിലെത്തിയത്. ഗർഭധാരണത്തിന്റെ ആദ്യഘട്ടത്തിൽ ഒന്നോ അതിലധികമോ ഭ്രൂണങ്ങൾ രൂപപ്പെടുകയും ഏറെ താമസിയാതെ അവയിലൊന്നോ അവ മുഴുവനായോ അലസുകയും എന്നിട്ട് അവയുടെ യാതൊരു അവശിഷ്ടവും പുറത്തു വരാതെ ഗർഭാശയം അവയെ ആഗിരണം ചെയ്യുകയും ചെയ്യുന്ന പ്രതിഭാസത്തിന് വൈദ്യശാസ്ത്രത്തിൽ 'മിസ്സ്ഡ് അബോർഷൻ' എന്നാണ് പറയുക.

ഒരു കുഞ്ഞിക്കാലു കാണാൻ കൊതിക്കുന്ന ദമ്പതികളെ സംബന്ധിച്ചേടത്തോളം കടിഞ്ഞൂൽ ഗർഭം അലസിപ്പോകുന്നത് വലിയ മാനസിക ആഘാതമുണ്ടാക്കും. എന്നാൽ വൈദ്യശാസ്ത്രരംഗത്തെ പുതിയ പഠനങ്ങൾ ഗർഭമലസുന്നത് ഒരു അനുഗ്രഹമാണെന്നാണ് വെളിപ്പെടുത്തുന്നത്. കാരണം വൈകല്യവും വൈരൂപ്യവുമുള്ള ഭ്രൂണങ്ങളാണ് ഏറ്റവും കൂടുതൽ അബോർഷന് വിധേയമാകുന്നത്. അംഗവൈകല്യവും വൈരൂപ്യവുമുള്ള ഒരു കുഞ്ഞുണ്ടാകുന്നതിലും ഭേദം അത്തരത്തിലൊന്ന് ജനിക്കാതിരിക്കുന്നതാണല്ലോ. എന്നാൽ ഭ്രൂണത്തിന്റെ അവശിഷ്ടങ്ങളൊന്നും പുറത്തു വരാത്ത മിസ്സ്ഡ് അബോർഷൻ സംഭവിക്കുന്നത് എന്ത് കൊണ്ടെന്നതിന് ശാസ്ത്രത്തിന് വ്യക്തമായ ഉത്തരമില്ല. ഗർഭം ധരിക്കുന്നതും ഗർഭാശയങ്ങൾ കമ്മിവരുത്തുന്നതും വർധനവുണ്ടാക്കുന്നതും അറിയുന്നവൻ അല്ലാഹുവാണ് എന്ന ഖുർആൻ വചനം പ്രസക്തമാകുന്നത് ഇവിടെയാണ്.

ഗർഭധാരണത്തിന്റെ പ്രാഥമിക ഘട്ടത്തിൽ അങ്ങേയറ്റം സങ്കീർണമായ ഒട്ടേറെ പ്രക്രിയകൾ ഗർഭാശയത്തിൽ നടക്കുന്നുണ്ട്. ബീജ സങ്കലനത്തിന് ശേഷം ദ്രുതഗതിയിലുള്ള കോശവിഭജനം പോലുള്ള പല കാര്യങ്ങളുടെയും കാരണം കണ്ടെത്താൻ മനുഷ്യൻ അശക്തനാണ്. ഭ്രൂണത്തിന്റെ അന്ത്യം കുറിക്കുന്ന രൂപത്തിലുള്ള ജനിതക തകരാറുകളെക്കുറിച്ചും അറിയുകയില്ല. മനുഷ്യന്റെ ഇടപെടലുകൾ അസാധ്യമായ ഇത്തരം കാര്യങ്ങളിൽ പലതിന്റെയും കാരണങ്ങൾ ശാസ്ത്രത്തിന് അജ്ഞാതവും അതിന്റെ പരിധിക്ക് പുറത്തുമാണ്. പുരുഷബീജവും സ്ത്രീയുടെ അണ്ഡവും സംയോജിച്ച് സിക്താണ്ഡമായിത്തീർന്നതിനുശേഷം അത് ഗർഭാശയ ഭിത്തിയിൽ പറ്റിപ്പിടിച്ച് വളരാൻ തുടങ്ങുന്നു എന്നുപറയാൻ എളുപ്പമാണ്. എന്നാൽ ഇത് നടക്കണമെങ്കിൽ ജനിതക ഘടകങ്ങൾക്കു പുറമെ അതിസൂക്ഷ്മവും സങ്കീർണവുമായ അനേകം ഹോർമോൺ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഇവയിൽ ഏതെങ്കിലുമൊന്ന് ഒരു ശകലം പിഴച്ചാൽ ഗർഭമലസിപ്പോകുകയും ചെയ്യും.

ആധുനിക വൈദ്യശാസ്ത്രം ഗർഭമലസുന്നതിന് പല കാരണങ്ങളും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത നിരവധി കാരണങ്ങളുണ്ട് എന്ന വസ്തുത ശാസ്ത്രജ്ഞർ സമ്മതിക്കുകയും ചെയ്യുന്നു. മനുഷ്യന് കണ്ടെത്താൻ കഴിയാത്ത ഇത്തരം കാര്യങ്ങളെ അദൃശ്യജ്ഞാനത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. ബീജ സങ്കലനം നടന്നാൽ തന്നെ കുഞ്ഞ് പൂർണവളർച്ചയെത്തി പുറത്തു വരും എന്ന് ഉറപ്പിച്ചു പറയാൻ ആരും ധൈര്യം കാണിക്കാറില്ല. വ്യത്യസ്ത കാരണങ്ങൾകൊണ്ട് സംഭവിക്കുന്ന ഗർഭഛിദ്രങ്ങളിൽ പലതും ഗർഭം ധരിച്ചവർ പോലും അറിയാറില്ല. 'ഗർഭാശയം കുറവു വരുത്തുന്നത് അവനല്ലാതെ അറിയുകയില്ല' എന്ന നബി വചനവും ശ്രദ്ധേയമാണ്. ഗർഭധാരണത്തിന്റെ ഒന്നാം നാൾ മുതലുള്ള ഭ്രൂണവളർച്ചയുടെ ഘട്ടങ്ങൾ മനുഷ്യന്റെ ദൃശ്യജ്ഞാനത്തിന്റെ പരിധിയിലാണെന്നു പറയാം. എന്നാൽ ബീജസങ്കലനത്തിനു ശേഷം അത് പിള്ളയായിത്തീരുമോ അല്ലെങ്കിൽ ചാപിള്ളയാകുമോ അതുമല്ലെങ്കിൽ പൊടിപോലുമില്ലാത്ത രൂപത്തിൽ ഗർഭാശയം അതിനെ ആഗിരണം ചെയ്യുമോ എന്ന കാര്യം അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിൽ പെട്ടതും.

ശാസ്ത്രം ഇത്രയൊക്കെ പുരോഗമിച്ചിട്ടും അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിന്റെ പട്ടികയിൽ എണ്ണപ്പെടുന്ന കാര്യങ്ങൾ ഗ്രഹിക്കാൻ മനുഷ്യൻ ഇന്നും അശക്തൻ തന്നെയാണ്. ഈ ലോകം അവസാനിക്കുമെന്നതിൽ ആർക്കും സംശയമില്ല. അതിന്റെ ചില അടയാളങ്ങൾ ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ അത് എന്നു സംഭവിക്കുമെന്ന് കൃത്യമായി പറയാൻ ആർക്കും സാധ്യമല്ല. അതുപോലെ ഓരോ നിമിഷവും അന്തരീക്ഷത്തിൽ മേഘങ്ങൾ രൂപം കൊള്ളുന്നുണ്ട്. ഈ മേഘത്തിന്റെ ഗതിവിഗതികൾ നിർണയിക്കാനും എപ്പോൾ എവിടെ എത്ര മഴപെയ്യുമെന്ന് സുനിശ്ചിതമായി പറയാനും ആർക്കും കഴിയില്ല. കാലാവസ്ഥാ പ്രവചനങ്ങൾ വിശകലനം ചെയ്താൽ തന്നെ ഇക്കാര്യം മനസ്സിലാക്കാനാകും. ഓരോ മനുഷ്യനും ഭാവിയിലേക്കു വേണ്ടി സമ്പാദിക്കാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ താൻ എത്ര നേട്ടമുണ്ടാക്കുമെന്ന് ഉറപ്പിച്ചു പറയാനോ പ്രവചിക്കാനോ അവനു കഴിയുകയില്ല. തനിക്ക് ഭാവിയിൽ വമ്പിച്ച നഷ്ടമാണ് ഉണ്ടാവുക എന്ന് മുൻകൂട്ടി അറിയാൻ കഴിഞ്ഞാൽ പാടുപെട്ട് അധ്വാനിച്ച് പാപ്പരാകുന്ന ആളുകൾക്ക് അവരുടെ പാഴ് വേലകളിൽനിന്ന് രക്ഷപ്പെടാനാകുമായിരുന്നു. പക്ഷേ, ജോത്സ്യന്മാരുടെ കൂത്തരങ്ങായ ജാഹിലിയ്യാ കാലത്താണ് അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തെക്കുറിച്ചുള്ള ഖുർആൻ വചനങ്ങൾ അവതരിച്ചത്. എന്നിട്ടും ഈ വെല്ലുവിളി സ്വീകരിക്കാൻ അവരാരും മുന്നോട്ടു വന്നിട്ടില്ല. താൻ എവിടെവെച്ച് മരിക്കും എന്ന് പ്രവചിക്കാൻ ഒരു ജോത്സ്യനോ ശാസ്ത്രജ്ഞനോ ഇതുവരെയും കഴിഞ്ഞിട്ടുമില്ല. ■